**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2223** **06-07-2022 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിലെ അരി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ജില്ലയിൽ 2022 ജൂൺ മാസം കുത്തരി എന്ന പേരിൽ വിതരണം ചെയ്തത് രണ്ടാംതരം കുറുവയരിയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വെള്ള CMR(Custom Milled Rice) അരി വിതരണം നടത്തിയിട്ടുണ്ട്. |
| (ബി) | കുത്തരി വിതരണം തുടങ്ങിയത് മുതൽ അടിക്കടി വിതരണം മുടങ്ങുന്നത് കൂടാതെ മറ്റ് അരികൾ കുത്തരി എന്ന പേരിൽ നൽകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഓരോ മാസവും നെല്ല് സംഭരണത്തിലൂടെ സപ്ലൈകോ ലഭ്യമാക്കുന്ന അളവിനനുസരിച്ചും ജില്ലകളിലെ ആവശ്യകതയ്ക്കനുസരിച്ചുമാണ് CMR അരി അലോട്ട്മെന്റിലുൾപ്പെടുത്തി അനുവദിച്ചു വരുന്നത്. കുത്തരി എന്ന പേരിൽ മറ്റ് അരികൾ നൽകിയിട്ടില്ല. |
| (സി) | കുത്തരി വെള്ള കാർഡിന് എത്ര കിലോഗ്രാമാണ് വിതരണം ചെയ്യേണ്ടതെന്ന് വ്യക്തമാക്കാമോ; മറ്റു കാർഡുകൾക്ക് അംഗത്തിന് എത്ര കിലോഗ്രാം എന്ന തോതിലാണ് വിതരണം ചെയ്യേണ്ടതെന്ന് വ്യക്തമാക്കാമോ; | (സി) | ടൈഡ് ഓവർ നീക്കി ബാക്കിയുടെ അളവനുസരിച്ചാണ് മുൻഗണനേതര നോൺ സബ്സിഡി കാർഡുടമകൾക്ക് (വെള്ള കാർഡ്) ഓരോ മാസവും അരി വിതരണം ചെയ്തു വരുന്നത്. എന്നാൽ ഓരോ ഇനം അരി എത്ര വീതം നൽകണമെന്നത് ഇനം തിരിച്ചുള്ള അരിയുടെ പ്രസ്തുത മാസത്തെ ലഭ്യതയെ അടിസ്ഥാനമാക്കി ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസർമാരാണ് നിശ്ചയിച്ചു നൽകുന്നത്. ജൂൺ, ജൂലൈ മാസങ്ങളിൽ 10 കി.ഗ്രാം അരി വീതം വെള്ള കാർഡിന് നൽകി വരുന്നു. |
| (ഡി) | മറ്റു ജില്ലകളിൽ കൂടിയ അളവിൽ അരി നൽകുമ്പോൾ കാസർകോട് ജില്ലയിൽ വെള്ളക്കാർഡിന് അരകിലോഗ്രാം, മറ്റു കാർഡുകാർക്ക് അംഗത്തിന് അരകിലോഗ്രാം എന്ന രീതിയിൽ തുച്ഛമായാണ് അരി നൽകുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | മറ്റു ജില്ലകളിൽ പാലക്കാടൻ മട്ട കുത്തരിയായി വിതരണം ചെയ്യുമ്പോൾ കാസർകോട് ജില്ലയിൽ ഇത് ലഭ്യമല്ലാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (ഇ) | കാസർകോട് ജില്ലയിൽ എഫ്.സി.ഐ വെള്ളയരിയും CMR അരിയും കുത്തരിയും വിതരണം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ